# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3021 | 13.07.2015 ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ കുബേര

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കെതിരെ ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത് ; കാപ്പ ചുമത്തിയിട്ടുണ്ടോ ;

(ബി) ഓപ്പറേഷൻ കുബേരയുടെ പേരിൽ ചെറിയ ചെറിയ പലിശക്കാരെയും ചില്ലറ പിടിച്ചുപറിക്കാരെയുമാണ് അറസ്റ്റുചെയ്യുന്നതെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത രംഗത്തെ വൻകിടക്കാർക്കെതിരെ നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 511, 468, 407, 420 എന്നീ വകുപ്പുകൾ പ്രകാരവും, കേരള മണിലെന്റേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും, 2012 ലെ കേരള പ്രൊഹിബിഷൻ ഓഫ് ചാർജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവുമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. ഇതിനു പുറമേ 5 പേർക്കെതിരെ കാപ്പ പ്രകാരം നടപടികൾ സ്വീകരിക്കുകയും, ഒരാൾക്കെതിരെ(കോഴിക്കോട് സിറ്റി) കാപ്പ പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടറുടെ പരിഗണനയിലുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ